തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ 3 വർഷത്തിലധികമായി ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ

23 [2437] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഓരോ പഞ്ചായത്തിലും 3 വർഷത്തിലധികം കാലം ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പേരും അവർ ജോലി ചെയ്യുന്ന പഞ്ചായത്തുകളുടെ പേരും വ്യക്തമാക്കാമോ;

(ബി) 3 വർഷം കഴിഞ്ഞിട്ടുള്ളവരെ അതേ പഞ്ചായത്തുകളിൽ തന്നെ തുടർന്ന് ജോലി ചെയ്യാൻ അനുവദിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) 3 വർഷത്തിൽ കൂടുതൽ കാലമായി ഒരു പഞ്ചായത്തിൽ ജോലി ചെയ്യുന്ന എല്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരേയും മാറ്റി നിയമിക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേക്ക് ഇത് നടപ്പിലാകും?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഓരോ പഞ്ചായത്തിലും 3 വർഷത്തിലധികം കാലമായി ജോലി ചെയ്തുവരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സ്ഥലമാറ്റം നടത്തുന്നതിനാവശ്യമായ പ്രത്യേക കാരണങ്ങൾ ഇല്ലാത്തതിനാലാണ് 3 വർഷത്തിലധികം ഒരേ പഞ്ചായത്തിൽത്തന്നെ തുടർന്ന് ജോലി ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. 3 വർഷത്തിലധികംകാലം ഒരു ഉദ്യോഗസ്ഥനെ ഒരു സ്ഥലത്തുതന്നെ ജോലിയിൽ തുടരാൻ അനുവദിക്കാൻ പാടില്ലായെന്ന് നിബന്ധനയില്ല. എന്നാൽ കുറഞ്ഞത് 3 വർഷമെങ്കിലും ഒരേ പഞ്ചായത്തിൽ തന്നെ ഒരു ഉദ്യോഗസ്ഥനെ ജോലി ചെയ്യാൻ അനുവദിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്.

(സി ആൻറ് ഡി) തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ പഞ്ചായത്തുകൾ

24 [2438] ശ്രീ. പി. എം. അബൂബക്കർ:
,, പി. സീതി ഹാജി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ ഉണ്ട്;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ഒന്നാം ഗ്രേഡ് പഞ്ചായത്തുകളുണ്ട്;

(സി) എത്ര രണ്ടാം ഗ്രേഡ് പഞ്ചായത്തുകളുണ്ട്;

(ഡി) എത്ര മൂന്നാം ഗ്രേഡ് പഞ്ചായത്തുകളുണ്ട്;

(ഇ) പഞ്ചായത്തുകളെ ഇങ്ങനെ ഗ്രേഡുകളായി തരം തിരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്;

(എഫ്) പഞ്ചായത്തുകൾക്ക് ഗവൺമെൻറ് ഗ്രാൻറ് നൽകുന്നത് എന്തു മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ്?

ഉത്തരം

(എ) 350.

(ബി) 435.

(സി) 202.

(ഡി) 14.

(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് മൊത്തം വരുമാനം 1,75,000 രൂപയിൽ അധികമുള്ള പഞ്ചായത്തുകളെ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളായും, മൊത്തം വരുമാനം 1 ലക്ഷം രൂപയ്ക്ക് മുകളിലും 1,75,000 രൂപയ്ക്ക് ഇടയ്ക്കുമുള്ള പഞ്ചായത്തുകളെ ഒന്നാം ഗ്രേഡ് പഞ്ചായത്തുകളായും, മൊത്ത വരുമാനം 50,000 രൂപയ്ക്ക് മുകളിൽ 1 ലക്ഷം രൂപയ്ക്ക് താഴെയുള്ള പഞ്ചായത്തുകളെ രണ്ടാം ഗ്രേഡ് പഞ്ചായത്തുകളായും, മൊത്തം വരുമാനം 50,000 രൂപയ്ക്ക് താഴെയുള്ള പഞ്ചായത്തുകളെ മൂന്നാം ഗ്രേഡ് പഞ്ചായത്തുകളായും തരം തിരിച്ചിരിക്കുന്നു.

(എഫ്) വസ്തു കൈമാറ്റ നികുതി, ഗ്രാൻറ്, ബേസിക് ടാക്സ് ഗ്രാൻറ്, വെഹിക്കിൾ ടാക്സ്, കോംപൻസേഷൻ ഗ്രാൻറ്, എന്നിവ കേരള പഞ്ചായത്ത് ആക്ട് ആൻറ് റൂളിലെ പ്രൊവിഷൻ വിധേയമായും മറ്റുള്ള ഗ്രാൻറുകൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന് വിധേയമായും നൽകിവരുന്നു.

പഞ്ചായത്തുകളിൽനിന്നും സംഭാവന പിരിക്കുന്നതായി ആക്ഷേപം

25 [2439] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര പഞ്ചായത്തിൻെറ അതിർത്തിയിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം വാങ്ങി കെട്ടിടം കെട്ടുന്നതിനായി കേരളത്തിലെ 1001 പഞ്ചായത്തുകൾ പതിനായിരം രൂപ വീതം സംഭാവന നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും താലൂക്ക് പഞ്ചായത്ത് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിൻ പ്രകാരം പണം പിരിക്കുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി തടയാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly